എനിക്ക് പറയാൻ ഒക്കുകയില്ല. അതു നോക്കിയിട്ടേ പറയാൻ പറ്റുകയുള്ളൂ. അംഗീകാരം കിട്ടാത്ത എം. ആർ. സ്കൂളുകളുടെ അംഗീകാരം കൊടുക്കുവാൻ നടപടി എടുക്കും. രണ്ടാമത്തെ പോയിന്റ് അങ്ങനെ സെറ്റിൽ ചെയ്യാം. പിന്നെ സ്പെഷ്യൽ സ്കൂളുകളെ സംബന്ധിച്ചിടത്തോളം 43 സ്പെഷ്യൽ സ്കൂളുകളുണ്ട്. ഗവണ്മെന്റ് മേഖലയിൽ 7 സ്പെഷ്യൽ സ്കൂളുകളുണ്ട്. ആ 7 സ്പെഷ്യൽ സ്കൂളിലും എസ്. എസ്. എ.-യുടേയും ഐ.ഇ.ഡി.-യുടേയും ഫണ്ടുപയോഗിച്ച് ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അവർ അത് ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. ആ കാര്യം ഉടനെ ചെയ്യുന്നതാണ്. മറ്റ് സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകി എയ്ഡഡ് ആക്കി മാറ്റണമെന്നുള്ള നിർദ്ദേശം നിലവിലുണ്ട്. പക്ഷേ അതിനെ സംബന്ധിച്ചും സാമ്പത്തിക സ്ഥിതി മെച്ചപ്പെടാതെ പറയാൻ കഴിയുകയില്ല. ഇതെല്ലാം ഞാൻ ഡിമാന്റിന്റെ സമയത്ത് ഇവിടെ പറഞ്ഞതാണ്. ഗവണ്മെന്റിന്റെ ഫസ്റ്റ് പ്രയോറിറ്റി എന്നു പറയുന്നത് സ്പെഷ്യൽ സ്കൂളുകളാണ്. ആ മേഖലയിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതിന്റെ പരമാവധി ചെയ്യുന്നതാണ്.

(25) ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിൽ വെള്ളം ലഭിക്കാത്ത അവസ്ഥ

ശ്രീ. പി. ജെ. ജോയി: സർ, ജനറേറ്ററുകൾക്ക് ആനുവൽ മെയിന്റനൻസ് നടത്താത്തതുകൊണ്ട് ഷോളയാർ, പെരിങ്ങൽക്കുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. എറണാകുളം ജില്ലയിലെ അങ്കമാലി, വടക്കേക്കര, തൃശൂർ ജില്ലയിലെ ചാലക്കുടി, മാള, കൊടകര, ഇരിങ്ങാലക്കുട നിയോജകമണ്ഡലങ്ങളിൽ ജലസേചനത്തിനും കുടിവെള്ളത്തിനും സൗകര്യപ്പെടുത്തുന്ന ചാലക്കുടി ഇറിഗേഷൻ പ്രോജക്ടിലേക്ക് വെള്ളം ലഭ്യമല്ലാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ പലപ്പോഴും വൈദ്യുതി ഉൽപാദിപ്പിക്കാതെ തന്നെ വെള്ളം വിട്ടുകൊടുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് കാലഘട്ടങ്ങളെ അപേക്ഷിച്ച് ഇത്തവണ ഷോളയാർ പ്രോജക്ടിൽ തമിഴ്നാട്ടിൽനിന്നും വെള്ളം ലഭിച്ചു. 2663 അടി വെള്ളം അവിടെ നിലനിർത്താൻ കഴിഞ്ഞു എന്നുള്ള വസ്തുത ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിതന്നെ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ആ സാഹചര്യത്തിൽ ഷോളയാറിൽ നിന്ന് 25 എം.സി.എം. വെള്ളം എങ്കിലും പെരിങ്ങൽകുത്തിലേക്ക് വിട്ടുകൊടുത്തില്ലെങ്കിൽ ആ മേഖലയിലെ കൃഷി മുഴുവൻ നശിക്കും. കൃഷി നശിച്ചു കഴിഞ്ഞിട്ട് പറഞ്ഞിട്ടു കാര്യമില്ല. കുറേ നാൾ കഴിയുമ്പോൾ എന്തായാലും മഴ കിട്ടുമെന്നുള്ള പ്രതീക്ഷയിൽ 25 എം.സി.എം. വെള്ളം പെരിങ്ങൽകുത്തിലേക്ക് വിട്ടുകൊടുക്കാൻ ബഹുമാനപ്പെട്ട വിദ്യുത്ശക്തി വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (*ശ്രീ. ആര്യാടൻ മുഹമ്മദ്*): ഷോളയാർ ഡാമിൽ സാധാരണ എല്ലാ വർഷവും റിനോവേഷൻ വർക്കുകൾ നടത്താറുണ്ട്. അവിടെ മൂന്ന് ജനറേറ്ററുകളുണ്ട്. അതിൽ ഒരെണ്ണത്തിന്റെ മെയിന്റനൻസ് നടത്തിവരികയാണ്. മറ്റു രണ്ടു ജനറേറ്ററുകളും 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ഷോളയാറിൽ ഇപ്രാവശ്യം ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മെയിന്റനൻസ് നടത്താതെ മാർച്ചിലേക്ക് നീട്ടേണ്ടിവന്നത് ഒരു പ്രത്യേക സാഹചര്യം കൊണ്ടാണ്. ഷോളയാറിൽ ഇപ്രാവശ്യമാണ് ചരിത്രത്തിൽ ആദ്യമായി തമിഴ്നാട് ഗവൺമെന്റ് നമുക്ക് തരാൻ ബാദ്ധ്യസ്ഥമായ മുഴുവൻ വെള്ളവും തന്നത്. 12.03 മില്യൺ ക്യൂബിക് മീറ്റർ വെള്ളമാണ് ഒരു വർഷം തരേണ്ടണ്ടത്. വാസ്തവത്തിൽ കുടിശ്ശിക 18 മില്ല്യൻ ക്യൂബിക് മീറ്റർ ആണ്. എന്നാൽ ഇപ്രാവശ്യം നമുക്ക് പന്ത്രണ്ട് മില്ല്യൻ ക്യൂബിക് മീറ്റർ കിട്ടിക്കഴിഞ്ഞു. ഇത് ചരിത്രത്തിൽ ആദ്യമാണ്. ആ വെള്ളം സ്റ്റോർ ചെയ്യാൻ അവിടെ ജനറേറ്റ് ചെയ്യേണ്ടത് ആവശ്യമായിട്ടുവന്നു. അതുകൊണ്ട് ജനുവരി, ഫെബ്രുവരി മാസത്തിൽ മെയിന്റനൻസ് നടത്താൻ കഴിയാതെ വന്നതുകൊണ്ടാണ് മാർച്ചിൽ മെയിന്റനൻസ് നടത്തുന്നത്. മൂന്ന് ജനറേറ്ററുകളിൽ രണ്ടെണ്ണം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. 540 മില്യൺ ഘനഅടി വെള്ളം അവിടെ ഓരോ ദിവസവും ജനുവരി-ഫെബ്രുവരി മാസങ്ങളിൽ സ്റ്റോർ ചെയ്തിരുന്നു. അതിപ്പോൾ 450 ഘനഅടിയായി മാറിയിട്ടുണ്ട്. അതിന്റെ കേട് പത്താം തീയതി തീർക്കുവാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. പക്ഷേ അതിനേക്കാൾ വേഗതയിൽത്തന്നെ അതിന്റെ മെയിന്റനൻസ് നടത്താനുള്ള നടപടികൾ ഈ നോട്ടീസ് കിട്ടിയതിനുശേഷം നടത്തിയിട്ടുണ്ട്. ജനുവരിയിലോ ഫെബ്രുവരിയിലോ മെയിന്റനൻസ് ചെയ്തിരുന്നുവെങ്കിൽ തമിഴ്നാടിൽ നിന്നും ലഭിച്ച വെള്ളം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയാതെ വരികയും ഇത്രയും വെള്ളം നമുക്ക് ആവശ്യമില്ലെന്ന് തമിഴ്നാടിന് സ്ഥാപിക്കുവാനും കാരണ മാകുമായിരുന്നു. അതുകൊണ്ട് സ്റ്റേറ്റ് ഇന്റർസ്റ്റ് കണക്കിലെടുത്തുകൊണ്ടാണ് ഇത് ചെയ്തത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച പ്രയാസം നമ്മുടെ പ്രൊഫ. സാവിത്രി ലക്ഷ്മണൻ, ശ്രീ. കെ. പി. വിശ്വനാഥൻ എന്നിങ്ങനെ ആ പ്രദേശത്തുള്ള എം.എൽ.എ.മാരെല്ലാം എനിക്ക് എഴുതി തന്നിട്ടുണ്ട്. ഈ പ്രയാസങ്ങൾ എത്രമാത്രം ലഘൂകരിക്കുവാൻ കഴിയുമെന്നു നോക്കി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാം. നമ്മുടെ റിസർവോയറിലെല്ലാംകൂടി ഒഴുകിയത് 1200 മില്യൺ യൂണിറ്റ് വൈദ്യുതി ജനറേറ്റ് ചെയ്യാനുള്ള വെള്ളം മാത്രമേയുള്ളൂ. അതുകൊണ്ട് ഇലക്ട്രിസിറ്റിയുടെ പോയിന്റ് ഓഫ് വ്യൂ കൂടി കണക്കി ലെടുക്കണം; ഇറിഗേഷന്റേതും കണക്കിലെടുക്കണം. ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ വികാരങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടണ്ട് പരമാവധി പ്രയാസങ്ങൾ ലഘൂകരിച്ചുകൊണ്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്.